**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 576** **23-02-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി - മണിമലയിലെ നാളീകേര പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണിമലയിലെ നാളീകേര പാർക്കിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; കെ.എസ്.ഐ.ഡി.സി.ക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിന് എത്ര കാലയളവ് എടുക്കുമെന്ന് അറിയിക്കാമോ; | (എ) | സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. 21/01/2022 ന് ഭൂമിയുടെ അടിസ്ഥാന നികുതി അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഭൂവുടമകളുമായുള്ള കേസ് അവസാന ഘട്ടത്തിലാണ്. |
| (ബി) | നാളീകേര പാർക്കിൽ വ്യവസായ സ്ഥാപനങ്ങൾക്ക് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; നിക്ഷേപ സംഗമങ്ങളിൽ മണിമല നാളീകേര പാർക്കിനെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുമോ എന്നറിയിക്കാമോ; | (ബി) | പാർക്കിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച ചർച്ച നടത്തുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15/01/2022 ന് ചേർന്നിരുന്നു. പ്രദേശത്തിന്റെ വ്യാവസായിക ആവശ്യകത കണക്കിലെടുത്ത് ഏതൊക്കെ വ്യവസായങ്ങൾക്കു അനുയോജ്യമായ രീതിയിൽ ഭൂമി വികസിപ്പിക്കാമെന്നുള്ള പഠനം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | നാളീകേര പാർക്കിന്റെ ഭൂമിയിലെ കാട് വെട്ടിത്തെളിക്കൽ പ്രവൃത്തി ഭാഗികമായി മാത്രമേ നടന്നിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൂർണ്ണമായി കാട് വെട്ടിത്തെളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഏത് ഏജൻസിക്കാണ് കാട് വെട്ടിത്തെളിക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (സി) | കാട് വെട്ടിത്തെളിക്കൽ പ്രവർത്തി ഭാഗികമായി മാത്രമേ നടത്തിയിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂർണ്ണമായി കാട് വെട്ടിത്തെളിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന് ഭരണപരവും സാങ്കേതികവുമായ അനുമതി ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഐ.ഡി.സി. ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ഡി) | മഴക്കാലത്ത് പാർക്ക് കാട് മൂടി കാട്ടുമൃഗങ്ങളുടെ ആവാസസ്ഥാനമാവുകയും പ്രദേശവാസികൾക്ക് ഭീഷണിയായി മാറുകയും ചെയ്യുന്ന സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ | (ഡി) | കാട് വെട്ടിത്തെളിക്കൽ പ്രവർത്തി ഭാഗികമായി മാത്രമേ നടത്തിയിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂർണ്ണമായി കാട് വെട്ടിത്തെളിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിന് |

| | | | |
|---|---|---|---|
| | നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ? | | ഭരണപരവും സാങ്കേതികവുമായ അനുമതി ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഐ.ഡി.സി. ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ